LIBRARY ARCHIVES Kerala Legislative Assembly

ലാ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം

280 (5005) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഡ്രഗ്സ് കൺട്രോളർ ഓഫീസിൽ നിലവിൽ ഒഴിവുള്ള ലാ ഓഫീസർ തസ്തികയിലേയ്ക്ക് സ്പെഷ്യൽ റൂൾസ് അനുസരിച്ചുള്ള നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

സ്പെഷ്യൽ റൂൾ പ്രകാരമുള്ള നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തസ്തികയിൽ ഒഴിവു വന്ന സമയത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ യോഗ്യരായ ജീവനക്കാർ ഉണ്ടായിരുന്നുവോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം വകുപ്പിലെ തന്നെ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നുള്ള ബൈ ട്രാൻസ്ഫർ നിയമനമാണ് ലോ ഓഫീസർ തസ്തികയുടെ ഒന്നാമത്തെ നിയമനരീതി. ലോ ഓഫീസർ തസ്തികയിൽ ഒഴിവ് വന്ന സമയത്ത് ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ യോഗ്യതയുള്ള ജീവനക്കാരൻ സേവനമനുഷ്ഠിക്കുന്നുണ്ട്. എന്നാൽ ജൂലൈ 2020- ന് പി.എസ്.സി. നടത്തേണ്ടിയിരുന്ന ലീഗൽ അസിസ്റ്റന്റ് സ്പെഷ്യൽ ടെസ്റ്റ് കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ നടത്താൻ സാധിക്കാത്തതിനാലാണ് ടിയാളുടെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി ഔദ്യോഗികമായി പ്രഖ്യാപിക്കാൻ സാധിക്കാത്തത്. ലീഗൽ അസിസ്റ്റന്റ് തസ്തികയിലെ രണ്ട് വർഷത്തെ സേവന കാലയളവിലെ ഒരു വർഷത്തെ യഥാർത്ഥ ഡ്യൂട്ടി കാലയളവ് നിരീക്ഷണകാലമാണ്. ടിയാളുടെ ലീഗൽ അസിസ്സന്റ് തസ്തികയിലെ നിരീക്ഷണ കാലയളവ് 25-2-2021-ൽ കഴിഞ്ഞിട്ടുണ്ട്. ടിയാളുടെ അപേക്ഷ പരിഗണിച്ച് 18-3-2021-ന് പ്രസ്തുത പരീക്ഷ എത്രയും വേഗം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേരള പി.എസ്.സി.-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് അംഗീകരിച്ച് പി.എസ്.സി.-യിൽ നിന്ന് മറുപടിയും ലഭിച്ചിട്ടുണ്ട്. മേൽ കാര്യങ്ങൾ പരിഗണിച്ചാണ് ഒഴിവ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാത്തത്. കൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ലോ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നൽകുന്നതിനായി പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റും ഇപ്പോൾ നിലവിലില്ല.

(സി) ലാ ഓഫീസറുടെ നിയമനവുമായി ബന്ധപ്പെട്ട ഫയലിന്റെ വിവരം ലഭ്യമാക്കുമോ?

ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഇ 1-3603/2021/ഡിസി എന്ന ഫയൽ പ്രകാരം ആണ് നടപടികൾ സ്വീകരിക്കുന്നത്.